ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 18.11.2024 TIME : 7.25 PM

## പ്രധാന വാർത്തകൾ

1) പത്തൊമ്പതാമത് ജി20 ഉച്ചകോടിക്ക് ബ്രസീലിലെ റിയോ ഡി ജനേറോയിൽ തുടക്കം. ഉച്ചകോടി വേദിയിലെത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി.

**The 19th G20 Summit began in the Brazilian city of Rio de Janeiro. Prime Minister Narendra Modi reached the venue.**

2) മണിപ്പൂരിൽ 50 കമ്പനി കേന്ദ്ര സായുധ പൊലീസ് സേനയെ കൂടി വിന്യസിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. സ്ഥിതിഗതികൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വിലയിരുത്തി.

**The Centre is dispatching an additional 50 companies of Central Armed Police Forces to Manipur. The Home Minister Amit Shah had reviewed the security situation in Manipur.**

3) മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പരസ്യ പ്രചാരണം അവസാനിച്ചു. നിയമസഭാ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് മണ്ഡലത്തിൽ കൊട്ടിക്കലാശം ആവേശമാക്കി മുന്നണികൾ. ഇനി നിശബ്ദ പ്രചാരണം.

**Campaigning for assembly elections in Jharkhand and Maharashtra ended this evening. Electrifying roadshows mark end of Palakkad by poll public campaign.**

4) വായു മലിനീകരണം അതീവ ഗുരുതരമായി തുടരുന്ന ഡൽഹിയിൽ **GRAP** ഫോർ നിയന്ത്രണങ്ങൾ നിലവിൽ വന്നു. നിയന്ത്രണങ്ങൾ നടപ്പിലാക്കാൻ സംഘങ്ങളെ ഉടൻ രൂപീകരിക്കണമെന്ന് സുപ്രീംകോടതി.

**In Delhi, where air pollution continues to be severe, GRAP – 4 restrictions come into effect. The Supreme Court today asked the respective governments of Delhi and adjoining states to immediately set up teams to enforce restrictions under stage four of Graded Response Action Plan (GRAP)**

5) 2025 -ലെ ദേശീയ യുവജനോത്സവം വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗായി ആഘോഷിക്കുമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ.

**Union Minister for Youth Affairs and Sports, Dr Mansukh Mandaviya said that the National Youth Festival 2025 will be celebrated as Viksit Bharat Young Leaders Dialogue on 11th and 12th January of the Next year.**

6) ജിഡിപി വളർച്ചാ നിരക്കിൽ ജി 20 രാജ്യങ്ങൾക്കിടയിൽ ഒന്നാമതായി ഇന്ത്യ.

**India has taken the lead in the G20 with an impressive 7 percent GDP growth rate projected for 2024.**

******************************

## PM - G20

പത്തൊമ്പതാമത് ജി20 ഉച്ചകോടിക്ക് ബ്രസീലിലെ റിയോ ഡി ജനേറോയിൽ തുടക്കം. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉച്ചകോടിയുടെ വേദിയിൽ എത്തി. വിവിധ ആഗോള വിഷയങ്ങളിൽ ഇന്ത്യയുടെ നിലപാടുകൾ പ്രധാനമന്ത്രി ജി 20 വേദിയിൽ അവതരിപ്പിക്കും. ഉച്ചകോടിയിൽ പങ്കെടുക്കുന്ന മറ്റ് രാഷ്ട്രതലവൻമാരുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തും. നൈജീരിയൻ സന്ദർശനത്തിന് ശേഷമാണ് പ്രധാനമന്ത്രി

ബ്രസീലിൽ എത്തിയത്. ത്രിരാഷ്ട്ര സന്ദർശനത്തിൻറെ അവസാന പാദത്തിൽ പ്രധാനമന്ത്രി ഗയാനയിലെത്തും.

******************************

## BRAZIL AMBASSADOR INTERVIEW (INTRO)

ഗ്ലോബൽ സൗത്തിന്റെ നേതാവെന്ന നിലയിൽ മേഖലയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ഇടപെടലുകളാണ് ഇന്ത്യ, മറ്റ് രാജ്യങ്ങളുമായി നടത്തുന്നതെന്ന് ബ്രസീലിലെ ഇന്ത്യൻ അംബാസഡർ സുരേഷ് കെ റെഡ്ഡി പറഞ്ഞു. ജി-20 ഉച്ചകോടിയിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രിയുടെ ബ്രസീൽ സന്ദർശനത്തെക്കുറിച്ച് ആകാശവാണിക്ക് നൽകിയ പ്രത്യേക അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

(ഹോൾഡ്)

******************************

## Manipur-Amit Shah meeting

മണിപ്പൂരിൽ അക്രമം രൂക്ഷമായ സാഹചര്യത്തിൽ, 50 കമ്പനി കേന്ദ്ര സായുധ പൊലീസ് സേനയെ കൂടി സംസ്ഥാനത്തേയ്ക്ക് അയയ്ക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തീരുമാനിച്ചു. മണിപ്പൂരിലെ സ്ഥിതിഗതികൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ചേർന്ന യോഗത്തിൽ അവലോകനം ചെയ്തു. അക്രമം തടയുന്നതിനും സമാധാനം നിലനിർത്തുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ അദ്ദേഹം മുതിർന്ന സുരക്ഷാ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. അതേസമയം, കർഫ്യൂ ഏർപ്പെടുത്തിയിരിക്കുന്ന മണിപ്പൂരിലെ അഞ്ച് ജില്ലകളിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെയും അവധി നൽകി.

******************************

## ELECTION - MAHA - JHAR.

മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പരസ്യ പ്രചാരണം അവസാനിച്ചു. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കളും

താരപ്രചാരകരും വിവിധയിടങ്ങളിൽ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബാധന ചെയ്യു. മഹാരാഷ്ട്രയിൽ ബുധനാഴ്ച ഒറ്റഘട്ടമായാണ് വോട്ടെടുപ്പ്. ഝാർഖണ്ഡിൽ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടമാണ് ബുധനാഴ്ച നടക്കുന്നത്. ഈ മാസം 23 നാണ് വോട്ടെണ്ണൽ.

******************************

## Palakkad -Election

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് പരസ്യ പ്രചാരണം അവസാനിച്ചു. ഒന്നരമാസത്തെ പ്രചാരണത്തിനൊടുവിൽ ആവേശകരമായ കൊട്ടിക്കലാശത്തിനാണ് പാലക്കാട് ഇന്ന് സാക്ഷിയായത്. ഇനി നിശബ്ദ പ്രചാരണത്തിൻറെ മണിക്കൂറുകളാണ്. ബുധനാഴ്ചയാണ് വോട്ടെടുപ്പ്.

******************************

## NEW DELHI-POLLUTION

വായു ഗുണനിലവാരം അതീവ ഗുരുതരമായി തുടരുന്ന ഡൽഹി രാജ്യ തലസ്ഥാന നഗര മേഖലയിൽ GRAP ഫോർ നിയന്ത്രണങ്ങൾ നിലവിൽ വന്നു. ഇന്ന് ഉച്ചവരെയുള്ള ശരാശരി വായു ഗുണനിലവാര തോത് 490 ആണ്. രാജ്യ തലസ്ഥാന നഗരിയിൽ അടുത്ത രണ്ട് ദിവസങ്ങളിൽ പുകമഞ്ഞും നേരിയ മൂടൽമഞ്ഞും അനുഭവപ്പെടാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

******************************

## SC-DELHI POLLUTION

ഡൽഹിയിലെ വായു ഗുണനിലവാരം വളരെ മോശം വിഭാഗത്തിൽ തുടരുന്നതിനാൽ GRAP -4 നിയന്ത്രണങ്ങൾ നടപ്പിലാക്കാൻ സംഘങ്ങളെ ഉടൻ രൂപീകരിക്കണമെന്ന് സുപ്രീംകോടതി. വായു ഗുണനിലവാര സൂചിക 450-ൽ താഴെയാണെങ്കിലും നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ തുടരുമെന്ന് കോടതി പറഞ്ഞു. പടക്ക നിരോധനം നടപ്പാക്കാൻ കൈക്കൊണ്ട

നടപടികൾ വിശദമാക്കി സത്യവാങ്മൂലം സമർപ്പിക്കാൻ, ഡൽഹി സർക്കാരിന് നിർദേശം നൽകി. വിഷയത്തിൽ കോടതി വെള്ളിയാഴ്ച വീണ്ടും വാദം കേൾക്കും.

******************************

## INDIA GDP

ഈ വർഷം ഏഴ് ശതമാനം ജിഡിപി വളർച്ചാ നിരക്കോടെ ജി 20 യിൽ ഇന്ത്യ മുന്നിലെത്തിയതായി My Gov സാമൂഹ്യ മാധ്യമ കുറിപ്പിലൂടെ അറിയിച്ചു. ഇന്ത്യയുടെ കരുത്തുറ്റ സമ്പദ് വ്യവസ്ഥയെയാണ് ഈ നേട്ടം ഉയർത്തിക്കാട്ടുന്നതെന്നും ആഗോള വെല്ലുവിളികൾക്കിടയിലും ഇന്ത്യയുടെ ജി.ഡി.പി അതിവേഗ വളർച്ചയാണ് പ്രകടമാക്കിയതെന്നും കുറിപ്പിൽ വ്യക്തമാക്കുന്നു. 5 ശതമാനവുമായി ഇന്തോനേഷ്യ രണ്ടാം സ്ഥാനത്തും 4.8 ശതമാനം വളർച്ചാ നിരക്കുമായി ചൈന മൂന്നാം സ്ഥാനത്തുമാണുള്ളത്.

******************************

## ISRO - GSAT-20

ഇന്ത്യയുടെ വാർത്താവിനിമയ ഉപഗ്രഹമായ GSAT 20 നാളെ യു.എസ്സിലെ കെയ്പ് കനാവെറലിൽ നിന്ന് വിക്ഷേപിക്കും. എലോൺ മസ്ക്കിന്റെ ഉടമസ്ഥതയിലുള്ള Space X ന്റെ ഫാൽക്കൺ -9 ആണ് വിക്ഷേപണം നടത്തുന്നതെന്ന് ഐ.എസ്.ആർ.ഒ ചെയർമാൻ എസ്. സോമനാഥ് അറിയിച്ചു. വിദൂര പ്രദേശങ്ങളിലേക്കുള്ള ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉൾപ്പെടെ ഇന്ത്യയിലുടനീളം സുപ്രധാന സേവനങ്ങൾ ഇതിലൂടെ ലഭ്യമാകും.

******************************

## President-Credentials

ആറ് രാഷ്ട്രങ്ങളുടെ പ്രതിനിധികൾ രാഷ്ട്രപതി ദ്രൗപദി മുർമുവിന് അധികാര പത്രം സമർപ്പിച്ചു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ സ്വിറ്റ്സർലൻഡ്, ജോർദാൻ, പാപുവ ന്യൂ ഗിനിയ, ദക്ഷിണാഫ്രിക്ക, മ്യാൻമർ, ഈജിപ്റ്റ് എന്നീ രാഷ്ട്രങ്ങളുടെ പ്രതിനിധികളിൽ നിന്നാണ് രാഷ്ട്രപതി അധികാര പത്രം സ്വീകരിച്ചത്.

******************************

## YOUNG LEADERS DIALOGUE (INTRO)

2025 - ലെ ദേശീയ യുവജനോത്സവം വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗായി ആഘോഷിക്കുമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. രാജ്യത്തുടനീളമുള്ള യുവജനങ്ങൾക്കിടയിലെ പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുക, വികസിത ഭാരതത്തിനായുള്ള ആശയങ്ങൾ പങ്കിടാൻ ഫലപ്രദമായ വേദിയൊരുക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. (ഹോൾഡ്)

2025 ജനുവരി 11-12 തീയതികളിലാണ് വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് നടക്കുന്നത്.

******************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 24 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 116 ആം പതിപ്പാണിത്. myGov ഓപ്പൺ ഫോറത്തിലും NaMo ആപ്പിലൂടേയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടേയും വെള്ളിയാഴ്ചവരെ ജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാം.

******************************

## CHHATISAGARH TIGER RESERVE

ഛത്തീസ്ഗഡിലെ ഗുരു ഘാസിദാസ്-താമോർ പിംഗ്ലയെ രാജ്യത്തെ 56-ാമത് കടുവാ സങ്കേതമായി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവാണ് സാമൂഹ്യമാധ്യമത്തിലൂടെ ഇക്കാര്യം അറിയിച്ചത്. 2829 ചതുരശ്ര കിലോമീറ്ററിൽ വ്യാപിച്ചുകിടക്കുന്ന ഈ സംരക്ഷിതവനം രാജ്യത്തിന്റെ കടുവ സംരക്ഷണ പ്രവർത്തനങ്ങളിലെ പുതിയ നാഴികക്കല്ലാണെന്നും അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

******************************

## High-Level Meeting

ഇന്ത്യ - നേപ്പാൾ അതിർത്തി സുരക്ഷ ഏകോപനത്തിനായുള്ള ഉന്നതതല യോഗം കാഠ്മണ്ഡുവിൽ ആരംഭിച്ചു. അതിർത്തി കടന്നുള്ള ഭീകര പ്രവർത്തനങ്ങളുടെ നിയന്ത്രണം, മറ്റ് രാജ്യങ്ങളിൽ നിന്നുള്ള അനധികൃത പ്രവേശനം തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകും. കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നിർദേശങ്ങളും ഇത് സംബന്ധിച്ച വിവരങ്ങളും നേപ്പാൾ മുന്നോട്ട് വെച്ചു. യോഗം തിങ്കളാഴ്ച വരെ തുടരും.

******************************

## SITHARAMAN-CENTENARY CELEBRATION

സമാനതകളില്ലാത്ത പുരോഗതി കൈവരിച്ച സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയെ പ്രശംസിച്ച് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. എസ് ബി ഐയുടെ നൂറാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി മുംബൈയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു ധനമന്ത്രി. 100 -ാാം വാർഷികത്തിന്റെ സ്മാരക നാണയവും ധനമന്ത്രി പുറത്തിറക്കി.

******************************

## School Science Festival

ആലപ്പുഴ നടന്ന കേരള സ്കൂൾ ശാസ്ത്രോത്സവത്തിൽ മലപ്പുറം ജില്ലയ്ക്ക് കിരീടം. കണ്ണൂർ ജില്ല രണ്ടാംസ്ഥാനവും കോഴിക്കോട് മൂന്നാം സ്ഥാനവും നേടി. സമാപന സമ്മേളനം മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു.

******************************

## RAIN-KERALA

കേരളത്തിൽ അടുത്ത മൂന്ന് ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിരുന്നു. മോശം കാലാവസ്ഥയ്ക്ക് സാധ്യതയുള്ളതിനാൽ ലക്ഷദ്വീപ് തീരത്ത് ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

******************************

## Celebrating World Heritage Week

ലോക പൈതൃക വാരാഘോഷത്തിന് നാളെ തുടക്കം. സംസ്ഥാന തല ഉദ്ഘാടനം നാളെ രാവിലെ കണ്ണൂർ പയ്യാമ്പലത്ത് മന്ത്രി

രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും. നാളെയും മറ്റന്നാളും കണ്ണൂർ കൈത്തറി മ്യൂസിയത്തിൽ, 1924- ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷനിൽ പ്രദർശിപ്പിച്ച പരമ്പരാഗത തുണിത്തരങ്ങളുടെ പ്രത്യേക പ്രദർശനം ഉണ്ടാവും. 25-വരെയാണ് വാരാഘോഷം.

******************************

## DUBAI HOSTS THIRD GLOBAL FREIGHT SUMMIT

ആഗോള ചരക്ക് ഉച്ചകോടിയ്ക്ക് ദുബായിൽ തുടക്കമായി. 'നാളത്തെ അവസരങ്ങളിലേക്ക് എത്താൻ ഇന്ന് പ്രവർത്തിക്കുക' എന്നതാണ് ബുധനാഴ്ച വരെ നീളുന്ന ഉച്ചകോടിയുടെ മൂന്നാം പതിപ്പിൻറെ പ്രമേയം. 155 രാജ്യങ്ങളിൽ നിന്നുള്ള 5,000 വ്യവസായ പ്രമുഖർ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്.

******************************

*************************

***************